"എന്നിട്ടും പച്ചക്കള്ളമോ?"

—|:o:|—

(മണലിൽ യാക്കോബുശെമ്മാശ്ശൻ)

കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് എപ്പിസ്കോപ്പാ തിരുമനസ്സിലെ മുളന്തുരുത്തി സന്ദർശനത്തെപ്പററിയും മററും ഞാൻ കുറച്ചു മുമ്പു "കേസരി"യിൽ എഴുതിയതിനു മറുപടിയായിട്ടെന്നപോലെ കുറെ ദിവസങ്ങൾക്കു മുമ്പുള്ള ഒരു പ്രതിദിനത്തിൽ "ഏതാണ് വാസ്തവം" എന്ന തലക്കെട്ടിൽ ഒരു ലേഖനം മി. പി. ഐ. ജോൺ എഴുതിയിരുന്നതു കുറേ താമസിച്ചെങ്കിലും ഞാനും കാണുകയുണ്ടായി. ഞാൻ കേസരിയിൽ എഴുതിയിരുന്ന ലേഖനംകൊണ്ടു പ്രതിദിനത്തിൻെറ "മാന്യ തെക്കൻപറവൂർ ലേഖകനു" തൃപ്തിയായി എന്നു തോന്നുന്നു. എന്നാൽ മി: ജോണിൻെറ പച്ചക്കള്ളങ്ങൾകൊണ്ടു നിറച്ചിരിക്കുന്ന ലേഖനവും തെക്കൻപറവൂർക്കാരൻെറ പ്രസ്താവനയും തമ്മിൽ പല സംഗതിയിലും പരസ്പരവിരുദ്ധമായിട്ടാണ് കാണുന്നതു്. എന്തെങ്കിലും കുറെ പറഞ്ഞു മററുള്ളവരെ തെററുകാരാക്കണമെന്നല്ലാതെ ഉദ്ദേശമുള്ളപ്പോൾ സത്യമോ, യുക്തിയോ, ന്യായമോ എവിടെകിടന്നാൽ എന്താണ്? തൻെറ വിവിധമാധ്യമങ്ങൾകൊണ്ടു സർവ്വരാലും അറിയപ്പെടുന്ന മി: ജോണും ഞാനുമായി പലവിധത്തിൽ നല്ല പരിചയവും അറിവും ഉണ്ടെന്നു പറയുന്നതിനെ ഞാൻ സമ്മതിക്കുന്നില്ല. പഴയസെമിനാരിയിൽ വക്കീലിനു നിയമോപദേശംകൊടുക്കുവാൻ വന്നിരുന്നപ്പോൾ അവിടെവച്ചോ മുളന്തുരുത്തിയിൽവച്ചോ ടിയാനെ കാണുകയോ വല്ലതും സംസാരിക്കയോ ചെയ്തിട്ടുണ്ടാകാമെന്നല്ലാതെ ശരിയായ പരിചയം ടിയാനുമായി എനിക്കുണ്ടായിരുന്നില്ല. എന്നാൽ മി: ജോണിനെ ടിയാൻെറ സന്താനത്തിൽ എനിക്കു മനസ്സിലാക്കുവാൻ സാധിച്ചതു് ഈ പത്രപ്രസ്താവനകൾക്കിടയാക്കിയ മുളന്തുരുത്തിയിലെ അന്നത്തെ "ആ കീറിപ്പറിഞ്ഞു" പിരിഞ്ഞ ബഹളംമൂലം മാത്രമാണ്. വി: ദേവാലയത്തിൽനിന്നുകൊണ്ടു ശങ്കാലേശം കൂടാതെ അസഭ്യവാക്കുകൾ ചൊരിഞ്ഞു ദൈവത്തിൻെറ അഭിഷിക്തന്മാരായ മേല്പട്ടക്കാരെ അധിക്ഷേപിക്കുന്ന ഒരു ഇടവകപ്രമാണിയെന്നോ, അസത്യവാദം കൈകൊണ്ടു പട്ടാപ്പകൽ മനുഷ്യർക്കു കണ്ണും ചെവിയും ഇല്ലാതാക്കുന്ന സൃഷ്ടിസ്ഥിതിസംഹാരകനായ ഒരു ബ്രഹ്മാവെന്നോ കീറിപ്പറിഞ്ഞു പിരിഞ്ഞ ബഹളക്കാരൻ എന്നോ എന്താണ് അദ്ദേഹത്തെപ്പററി പറയേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. അന്നു മുളന്തുരുത്തിയിൽവച്ചു പരസ്യമായി നടന്ന സംഭവങ്ങൾ കാണ്മാനോ കേൾപ്പാനോ പാടില്ലാത്ത ഒരു സ്ഥിതി എനിക്കു വരുത്തി മി: ജോണിൻെറ എന്തോ അദൃശ്യശക്തിയാൽ ഞാൻ കുരുടനും ചെകിടനും ആയിപ്പോയി എന്നിരുന്നാൽതന്നെയും താൻ സമ്മതിക്കുന്നപ്രകാരമുള്ള ശേഷം പന്തമ്പതുപേർക്കും കൂടി ആ സ്ഥിതി വന്നുപോകുവാൻ ഉത്തരവിട്ടതു കഠിനംതന്നെ. പള്ളിയിലും മദ്ബഹായിലും കബറിങ്കലുംവച്ചു നടന്ന ശുശ്രൂഷകൾ നടന്നില്ലെന്നു പറവാൻ ധൈര്യപ്പെടുന്നതു് ആരും കാണുന്നില്ലെന്നുള്ള ഭാവത്തിൽ പൂച്ച കണ്ണടച്ചുംകൊണ്ടു പാൽ കുടിക്കുന്ന സമ്പ്രദായത്തിൽ തന്നത്താൻ കണ്ണും ചെവിയും പൊത്തിക്കളഞ്ഞതുകൊണ്ടായിരിക്കുമോ? ഞാൻ പുറംകുപ്പായം ഇട്ടിട്ടുണ്ടായിരുന്നെന്നും, കാർ ത്വരിതഗതിയിൽ ഓടിച്ചുകളഞ്ഞു എന്നും, വിയർത്തൊലിച്ചു എന്നും മററും വേറൊരു ചാർജ്ജ് കൊണ്ടുവരുന്നു. ക്ലാസ്സിൽനിന്നും ചാടി ഓടി അണച്ചു കനുകയറി വിയർത്തൊലിച്ചു കേറിവന്ന കീറിപ്പോയതുകൊണ്ടു് ഈ വിധം പററിയതായിരിക്കാമെന്നല്ലാതെ എന്തുപറയട്ടെ. കാർ ത്വരിതഗതിയിൽ ഓടിപ്പോയപ്പോൾ ആണോ കൂട്ടുകാരൻ, ഒരുമിച്ചു പള്ളിമുററത്തുനിന്നു വന്ന കാറിൻെറ തെക്കുവശം നിന്നുകൊണ്ടു, കുറേനേരം അടിയൻ, തിരുമേനി, പറഞ്ഞു സങ്കടപ്പെട്ടതു്? കമ്മൽ ചെന്നു എപ്പിസ്കോപ്പാ അവർകൾ ഇന്നിന്നപ്രകാരം പറഞ്ഞു സങ്കടപ്പെട്ടെന്നും മററും തള്ളിവിടുവാൻ സൂക്ഷ്മമായി അറിഞ്ഞതുകൊണ്ടുതന്നെ തൻെറ സർവ്വവ്യാപകത്വശക്തിയാൽ ഇദ്ദേഹം ബ്രഹ്മാവിൻെറ ശരിയായ ലക്ഷണം പൂർത്തീകരിക്കുന്നുണ്ടു്. എപ്പിസ്കോപ്പാ തിരുമനസ്സുകൊണ്ടു കമ്മേൽവച്ചു് അദ്ദേഹത്തോടു ചോദിച്ചവരോടു കല്പിച്ചതു് എന്തായിരുന്നു എന്നു മി: ജോൺ ശരിയായിട്ടറിയേണ്ടതുതന്നെയാണ്. "ഒരു കഥയില്ലാത്തവൻ എന്തോ ബഹളമുണ്ടാക്കി. ദൈവം അവനു നല്ലബുദ്ധി കൊടുക്കട്ടെ" എന്നാണ് അരുളിച്ചെയ്തതു്. പക്ഷെ കണ്ടനാട്ടുകാ[illegible] ചെവിയും ഇല്ലായിരിക്കാമ[illegible] ഒരു മേഹ[illegible] ക്ഷമയാചനം ചെയ്യും [illegible]ത്തുരുത്തിക്കാരെ [illegible]വായും ക്രിമിനലായും [illegible] അവരെത്തന്നെ [illegible] കണിച്ച മി[illegible] കിടന്നോ, വികട[illegible]ന്തായ കഴിവില്ലാത്ത

[illegible]തു്? ഈവിധം സത്യത്തിൻെറ കണികപോലും സ്പർശിക്കാത്ത ലേഖനങ്ങൾ എഴുതിവിടുന്നതുകൊണ്ടു "പറിച്ചുതീ പാട്ടുകയുള്ളു" എന്ന പ്രമാണത്തെ അർത്ഥവത്താക്കിത്തീർക്കുന്നു എന്നു മാത്രം മനസ്സിലാക്കാം. ഉള്ളതും ഇല്ലാത്തതും വകഞ്ഞുണ്ടാക്കാൻ കത്തകപിടിച്ചു തങ്ങളുടെ നഗ്നതയെ മറച്ചുവച്ചു കീറിപ്പിരിഞ്ഞ ബഹളത്തെപ്പററി തന്നത്താൻ പുകഴ്ത്തി വലഞ്ഞും പിരിഞ്ഞും പുളയുന്നതും കല്ലേൽ കടിക്കുന്നതും എന്തിനാണ്? നടന്ന സത്യങ്ങൾ സൂര്യനെപ്പോലെ വെളിപ്പെടുത്തുന്നതുകൊണ്ടാണോ മനുഷ്യർക്കു "കണ്ണും ചെവിയും ഇല്ലാതാക്കുന്നതു്"? കഷ്ടം!

മുളന്തുരുത്തിൽ ബഹുഭൂരിപക്ഷം ആളുകളും മെത്രാൻകക്ഷികളാണെന്നും, ബാവാകക്ഷികളും കുറേപ്പേർ അഥവാ 'പലർ'തന്നെയും ഉണ്ടെന്നും ആണ് എൻെറ ശരിയായ അറിവ്. അന്നത്തെ കീറിപ്പറിഞ്ഞു പിരിഞ്ഞ നാമമാത്രമായ ബഹളത്തിനു മൂന്നു പേർ മാത്രമല്ലായിരുന്നു—3 പേർ മാത്രമേ ഉണ്ടായിരുന്നുള്ള എന്നു് ഒരു വക ഉപായത്തിൽ മി. ജോൺ തൻെറ ലേഖനത്തിൽ സമ്മതിക്കുന്നുണ്ടു്—എന്നുള്ളതിനു തെളിവായി കൊണ്ടുവരുന്നതു ഞങ്ങൾ കാർ വിട്ടു മടങ്ങിപ്പോയതിൻെറ ശേഷം വിവരം കേട്ടു് അനേകർ വന്നിരുന്നു എന്നും എന്നാൽ കണ്ണു കാണുവാൻ പാടില്ലാത്ത സ്ഥിതി വന്നതുകൊണ്ടു കാറിൽ പോയ എനിക്കു മുളന്തുരുത്തിൽ അപ്പോൾ വന്ന അനേകരെ കാണുവാൻ കഴിഞ്ഞില്ലെന്നുമുള്ളതാണ്. ഇതു് എന്തൊരു കഥയില്ലാത്ത യുക്തിവാദമാണെന്നു സാമാന്യബുദ്ധിയുള്ളവർക്കു മനസ്സിലാക്കുവാൻ പ്രയാസംതന്നെ. ഈ വിധ ബഹളങ്ങൾ ഉണ്ടാക്കി വീമ്പുപറഞ്ഞു "കീറി"കൊണ്ടു നടക്കുന്ന മി. ജോൺ, കുറെ മാസങ്ങൾക്കു മുമ്പു തുമ്പമൺ ഇടവകയുടെ മാർ പീലക്സീനോസ് എപ്പിസ്കോപ്പാ തിരുമനസ്സുകൊണ്ടു മുളന്തുരുത്തി പള്ളിയിൽ എഴുന്നള്ളി രണ്ടുമൂന്നു ദിവസം അവിടെ താമസിച്ചു ശുശ്രൂഷകളും പ്രസംഗങ്ങളും നടത്തി, പള്ളിക്കാർ കൊടുത്ത കൈമുത്തു സ്വീകരിച്ചു മടങ്ങിയപ്പോഴും, കിഴക്കിൻെറ കാതോലിക്കാബാവാ തിരുമനസ്സിൽനിന്നും പട്ടമേററിട്ടുള്ള ഹോറേബ് ദയറാ അദ്ധ്യക്ഷൻ ബ: ഗീവറുഗീസ് അച്ചൻ അവർകൾ ആ പള്ളിയിൽ വന്നു് ഒരു മാസത്തോളം താമസിച്ചു വി: കുർബാന അനുഷ്ഠിക്കയും പ്രസംഗയോഗങ്ങൾ നടത്തുകയും മററും ചെയ്തപ്പോഴും ഏതു ലോകത്തിൽ ആണ് സ്ഥിതിചെയ്തിരുന്നതെന്നും ആരുടെ കണ്ണും ചെവിയും അടക്കുവാനാണ് ശ്രമിച്ചിരുന്നതെന്നും അറിയുന്നില്ല. അന്നത്തെ വ്യാപാരം മുളന്തുരുത്തിൽ അല്ലായിരുന്നിരിക്കാം. മനസ്സാക്ഷിയേയും സത്യത്തേയും മറച്ചുവച്ചു് ഒന്നും പറകയും പ്രവർത്തിക്കയും എഴുതുകയും ചെയ്യുന്നതെന്നു മാത്രമേ അവസാനമായി പറവാനുള്ളൂ. മി: ജോണിൻെറ ബഹളമെല്ലാം ദൈവത്തിൻെറ വി: ആലയത്തോടും, തൻെറ അഭിഷിക്തന്മാരോടും ആണെന്നു താൻ സമ്മതിക്കുന്നുണ്ടു്. ദൈവഭയത്തോടും സത്യത്തോടുംകൂടി പെരുമാറുവാനാണ് ദൈവത്തിൽ വിശ്വാസമുള്ളവർ പരിശീലിക്കേണ്ടതു്. സത്യത്തെ മറയ്ക്കുകയും മറക്കുകയും അരുതു്. ഇരുട്ടുകൊണ്ടു് ഓട്ട അടച്ചാൽ അടയുകയില്ല. സത്യത്തെ മറയ്ക്കാനും സാധിക്കയില്ല. ഇതു സംബന്ധമായുള്ള എൻെറ പ്രസ്താവനകൾ ഇതുകൊണ്ടു സമാപിപ്പിച്ചുകൊള്ളുന്നു.

തിരുവല്ലാ

(സ്വ. ലേ.)

മിഥുനം 10

മലയാളം സ്കൂൾലീവിംഗ് പരീക്ഷാഫലം പുറത്തായിരിക്കുന്നു. സ്ഥലം വി എച്ച് സ്കൂളിൽനിന്നും 26-ൽ 6-ഉം, പാലിയേക്കര സ്കൂളിൽനിന്നും 24 ൽ 7-ഉം, കിഴക്കുംഭാഗം സ്കൂളിൽനിന്നും 13-ൽ 1-ഉം, പെരിങ്ങനാടു സ്കൂളിൽനിന്നും 27-ൽ 7-ഉം, [illegible]ങ്ങര വി എം സ്കൂളിൽനിന്നും 43 ൽ 5-ഉം, കുററൂർ വി എം സ്കൂളിൽനിന്നും 16-[illegible] തുകലശ്ശേരി സി എം എസ്സിൽനിന്നും [illegible]ൽ 4-ഉം വീതം കുട്ടികൾ പാസ്സായിരിക്കുന്നു.

വെടിവയ്പ് പരിശീലിക്കുന്നതിനുള്ള ഉപകരണങ്ങൾ സ്ഥലം പോലീസ്സ്റ്റേഷനിൽ വന്നുചേർന്നിരിക്കുന്നു.

പോലീസ് ഇൻസ്പെക്ടരുടെ ശ്രദ്ധ തിരുമൂലപുരം, ഇരുവള്ളിപ്ര ഈ ദിക്കുകളിലേക്കു ഗാഢമായി പതിയാത്തപക്ഷം അടുത്തുതന്നെ ചില കലാപങ്ങൾ ഉണ്ടായേക്കാവാൻ ഇടയുള്ളതായി കേൾക്കുന്നു.

വി എച്ച് സ്കൂൾ ഹെഡ്മാസ്റ്റർ മി: രാമയ്യർ ബി ഏ എൽ ററി ക്കു സ്ഥലംമാററമാണെന്നു് ഒരു ശ്രുതി ഈ നാട്ടിൽ പരന്നിരിക്കുന്നു.

സ്ഥലം ആശുപത്രിയിൽ കിടന്നു പ്രസവിച്ച ഒരു സ്ത്രീയുടെ ഗർഭപാത്രവും കുട